## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5401 — 28.07.2015-ൽ മറുപടിയ്ക്ക്

## തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി ) | |
| എ) | തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾ വോട്ട് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുവാൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ച് . ചേർത്തിരുന്നുവോ; | എ) | യോഗം വിളിച്ചിരുന്നു. |
| ബി) | പ്രസ്തുത യോഗം എന്നായിരുന്നുവെന്നും, ആരെല്ലാം പങ്കെടുത്തു എന്നും വ്യക്തമാക്കുമോ; | ബി) | 09/07/2015 - നാണ് യോഗം വിളിച്ചിരുന്നത്. യോഗത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഈ യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണ്; | സി) | 1) പ്രവാസികളുടെ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം ഉൾക്കൊള്ളുന്ന നിയോജക മണ്ഡലത്തിലെ വോട്ടർപട്ടികയിൽ പ്രവാസികളുടെ പേര് ഉൾപ്പെടുത്താം എന്ന നിയമഭേദഗതിയിൽ നിലവിൽ മാറ്റം വരുത്തേണ്ടതില്ല;<br>2) പ്രോക്സി (proxy) വോട്ടിംഗ് സമ്പ്രദായം അനുവദിക്കേണ്ടതില്ല.<br>3) ഓൺലൈൻ വോട്ടിംഗ് രീതി അനുവദിക്കുന്ന കാര്യത്തിൽ ചില കക്ഷിനേതാക്കൾ പ്രകടിപ്പിച്ച ആശങ്കയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കക്ഷികളുടെ അഭിപ്രായം 15/07/2015 നകം അറിയിക്കുവാനും, ആയതിനുശേഷം തീരുമാനം കൈക്കൊണ്ട് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുവാനും തീരുമാനിച്ചു |

| | | | |
|---|---|---|---|
| ഡി) | പ്രവാസി വോട്ടവകാശം വിനിയോഗിക്കുന്നതിനെപ്പറ്റി വിസമ്മതം അറിയിക്കുകയോ, പിന്നീട് അഭിപ്രായം പറയാം എന്ന് രേഖപ്പെടുത്തുകയോ ചെയ്ത കക്ഷികളുണ്ടോ; എങ്കിൽ ആരെല്ലാമാണ്; | ഡി) & ഇ) | പ്രവാസി വോട്ടവകാശം വിനിയോഗിക്കുന്നതിനെപ്പറ്റി ആരും വിസമ്മതം പ്രകടിപ്പിച്ചിരുന്നില്ല, എന്നാൽ വോട്ടവകാശം ഏതു മാർഗ്ഗത്തിൽ വിനിയോഗിക്കാം എന്നതിന്മേൽ നടന്ന ചർച്ചയിൽ പ്രോക്സി വോട്ടിംഗ് രീതി പ്രായോഗികമല്ല എന്ന പൊതു അഭിപ്രായം ഉണ്ടായി. ഓൺലൈൻ വോട്ടിംഗ് രീതിയിന്മേലും കൃത്രിമം നടക്കാൻ സാദ്ധ്യതയുള്ളതായി ചില കക്ഷി നേതാക്കൾ സംശയം പ്രകടിപ്പിക്കുകയുണ്ടായി. |
| ഇ) | യോഗത്തിന്റെ പൊതുവികാരം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | | |
| എഫ്) | തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിക്കുന്നതിന് പ്രവാസികൾക്ക് അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എഫ്) | പ്രവാസി കേരളീയർക്ക് തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകുന്നതിലേക്കായി 1950 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 21(എ) വകുപ്പിലെ വ്യവസ്ഥകൾ ആധാരമാക്കി കേരളാ പഞ്ചായത്ത് രാജ്/ കേരളാ മുനിസിപ്പൽ നിയമങ്ങളിലെ സമാനമായ വകുപ്പുകൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതിക്കനുസൃതമായി കേരളാ പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തുകളിലെ വോട്ടർ പട്ടികയിൽ പ്രവാസികളുടെ പേര് ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരളാ മുൻസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. എന്നാൽ വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗം സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# 09/07/2015-ലെ സർവ്വകക്ഷിയോഗം

## പങ്കെടുത്തവരുടെ പട്ടിക

| ക്രമ നമ്പർ | പേര് | സംഘടന |
|---|---|---|
| 1 | ശ്രീ.വി.എസ്.അച്യുതാനന്ദൻ | പ്രതിപക്ഷ നേതാവ് |
| 2 | ശ്രീ. കെ.സി.ജോസഫ് | ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| 3 | ശ്രീ.കെ.പി.മോഹനൻ | കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| 4 | ശ്രീ.ഡോ.എം.കെ.മുനീർ | പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി |
| 5 | ശ്രീ.മഞ്ഞളാംകുഴി അലി | നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി |
| 6 | ശ്രീ.തോമസ് ഉണ്ണിയാടൻ | ഗവൺമെന്റ് ചീഫ് വിപ്പ് |
| 7 | ശ്രീ. ജി. സുഗുണൻ | സി.എം.പി. |
| 8 | ശ്രീ. എസ്. സത്യപാലൻ | ആർ.എസ്സ്.പി. |
| 9 | അഡ്വ.പി.എസ്.പ്രദീപ് | ജെ.എസ്സ്.എസ്സ്. |
| 10 | അഡ്വ.വി.റാംമോഹൻ | ഓൾ ഇൻഡ്യാ ഫോർവേർഡ് ബ്ലോക്ക് |
| 11 | ശ്രീ. സി.പി.ജോൺ | സി.എം.പി. |
| 12 | ശ്രീ. സത്യൻ മൊകേരി | സി.പി.ഐ. |
| 13 | ശ്രീ.വി.കെ. ബാബു Ex. MLA | കോൺഗ്രസ്സ് |
| 14 | ശ്രീ.കെ.കെ.ഷാജു Ex. MLA | ജെ.എസ്സ്.എസ്സ്. |
| 15 | ശ്രീ.ഉഴവൂർ വിജയൻ | എൻ.സി.പി. |
| 16 | ശ്രീ.പി.സി.തോമസ് | കേരള കോൺഗ്രസ്സ് |
| 17 | ശ്രീ.മാത്യു റ്റി. തോമസ് MLA | ജനതദൾ (എസ്) |
| 18 | ശ്രീ.എ.കെ.ബാലൻ | സി.പി.ഐ.(എം) |

| | | |
|---|---|---|
| 19 | ശ്രീ.വാക്കന രാധാകൃഷ്ണൻ | കേരള കോൺഗ്രസ്സ് (ജെ) |
| 20 | ശ്രീ.സി.മോഹനൻപിള്ള | കേരള കോൺഗ്രസ്സ്(ജെ) |
| 21 | ശ്രീ.സി.വോണുഗോപാലൻ നായർ | കേരള കോൺഗ്രസ്സ് (ബി) |
| 22 | ശ്രീ.കുളക്കട രാജു | കേരള കോൺഗ്രസ്സ് |
| 23 | ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | മുസ്ലീം ലീഗ് |
| 24 | ശ്രീ.ചാരുപാറ രവി | ജനതദൾ (യു) |
| 25 | ശ്രീ.എം.എം.ഹസ്സൻ | ഇൻഡ്യൻ നാഷണൽ കോൺഗ്രസ് |